നം.കെഎസ്എ.കെഡിഎം.പി.14/1012/2019 തീയതി 14.08.2019

# കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

**കോട്ടയം** ജില്ലയിലെ **തിടനാട്** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-07-18 മുതൽ 24-06-2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ച ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനും മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ 4-07-2019 ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഷൈജ എസ്., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25.06.2019- 04.07.2019 |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ സജി പി. ആർ., ഓഡിറ്റ് ഓഫീസർ<br>ശ്രീ.ഷാന്റി ജോർജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.ഷാജിമോൻ പി. ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി കൃഷ്ണപ്രിയ എസ്., ഓഡിറ്റർ |

## നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി മിനി സാവിയോ | 01.04.2018-14.05.2018 |
| | ശ്രീമതി അജിതാ മോഹൻദാസ് | 15.05.2018-29.05.2018 |
| | ശ്രീ സേവ്യർ കെ.വി. | 30.05.2018-14.06.2018 |
| | ശ്രീമതി ലീന ജോർജ് | 15.06.2018-31.03.2019 |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ ബിനോ ജോസഫ് | 01.04.2018-15.05.2018 |
| | ശ്രീ. സുരേഷ്കുമാർ കാലായിൽ | 16.05.2018-31.03.2019 |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ. സേവ്യർ കണ്ടത്തിൻകര | 01.04.2018-31.03.2019 |
| വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീമതി അജിതാ മോഹൻദാസ് | 01.04.2018 - 29.05.2018 |
| | ശ്രീമതി ഓമന രമേശ് | 08.07.2018 – 31.03.2019 |
| ആരോഗ്യ-വിദ്യാഭ്യാസകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീമതി ഉഷ ശശി | 01.04.2018 – 31.03.2019 |
| സെക്രട്ടറി | ശ്രീ റ്റി.എം.ആരിഫ് | 01.04.2018 – 31.05.2018 |
| | ശ്രീമതി ചിത്ര എസ്. | 01.06.2018 - 24.06.2018 |
| | ശ്രീ. മുഹമ്മദ് റഖീബ് ടി.എസ്. | 25.06.2018 - 31.03.2019 |

<u>നിർവഹണോദ്യോഗസ്ഥർ</u>

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ. പ്രീതി ദാമോദരൻ | 01.04.2018-31.03.2019 |
| കൃഷി ഓഫീസർ | ശ്രീ. അതുൽ ജയപാൽ | 01.04.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ , പി.എച്ച്.സി, തിടനാട് | ഡോ. ജിസ്സ് ഫ്രാൻസിസ് | 01.04.2018-31.03.2019 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ. ലിലി ജേക്കബ്<br>ഡോ. ഹരികുമാർ ജി. | 01.04.2018-17.08.2018<br>18.08.2018-31.03.2019 |
| വി.ഇ.ഒ. | ശ്രീ. ജോബി സെബാസ്റ്റ്യൻ | 01.04.2018-31.03.2019 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി പുഷ്കല പി.എൻ. | 01.04.2018-31.03.2019 |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ. കെ. ഹരിലാൽ<br>ശ്രീ. ജയിംസ് ജോർജ്<br>ശ്രീ. നന്ദകുമാർ ആർ<br>ശ്രീ. രാജേഷ് ഡി. നായർ<br>ശ്രീ. സൈജു ഒ.ബി. | 01.04.2018-16.06.2018<br>17.06.2018-26.06.2018<br>27.06.2018-08.11.2018<br>09.11.2018-18.12.2018<br>19.12.2018-31.03.2019 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ജിസ്സാ ജോസഫ്<br>ശ്രീ. ലതീഷ് കുമാർ പി.വി. | 01.04.2018-17.02.2019<br>18.02.2019-31.03.2019 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി രേഖ ബി നായർ<br>ശ്രീ. നോബി എം. ഐസക് | 01.04.2018-20.06.2018<br>21.06.2018-31.03.2019 |

**<u>ഉള്ളടക്കം</u>**


| | |
|---|---|
| **ഭാഗം 1 - പൊതുഅവലോകനം** | |
| ഖണ്ഡിക നം. | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷികധനകാര്യപത്രിക പരശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പ് പദ്ധതി വിശദാംശങ്ങൾ |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |
| **ഭാഗം 2 - വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ ഡി & ഒ ട്രേഡ് ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടില്ല |
| 2-2 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല |
| 2-3 | രസീതുകൾ ക്രമപ്രകാരം ക്യാൻസൽ ചെയ്യുന്നില്ല |
| 2-4 | ക്യാൻസൽ ചെയ്ത രസീതിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല |
| 2-5 | പിരിവ് തുകകൾ അതാത് ദിവസം പഞ്ചായത്തിൽ അടവാക്കിയിട്ടില്ല |

| | |
|---|---|
| 2-6 | കെട്ടിടനിർമ്മാണ ക്രമവൽക്കരണ ഫീസ് കുറവായി ഈടാക്കിയിരിക്കുന്നു |
| 2-7 | ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു |
| 2-8 | 2018-19 സാമ്പത്തികവർഷം ഡി &ഒ ലൈസൻസ് നൽകിയത് 30.10.2017ലെ ചട്ടം ഭേദഗതി പ്രകാരമല്ല |
| 2-9 | റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ഡി &ഒ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല |
| 2-10 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല |
| **ഭാഗം 3 – ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | പകൽവീടിന് അനുബന്ധ സാധനങ്ങൾ വാങ്ങൽ – വാങ്ങിയ സാധനങ്ങൾ വിതരണം ചെയ്തിട്ടില്ല |
| 3-2 | തെരുവ് വിളക്ക് വാങ്ങൽ അപാകതകൾ |
| 3-3 | മരാമത്ത് പ്രവൃത്തികളിൽ നിന്നും നിർമ്മാണതൊഴിലാളിക്ഷേമനിധി ഈടാക്കിയതിൽ അപാകത |
| 3-4 | മരാമത്ത് പ്രവൃത്തികളിൽ കാലിബാരൽ വില ഈടാക്കത്തത് |
| 3-5 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചിട്ടില്ല |
| 3-6 | സ്കൂൾ വിദ്യാർത്ഥിനികൾക്കായി സാനിട്ടറി നാപ്കിൻ വിതരണം – പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ |
| 3-7 | ലൈബ്രറി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ – പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ |
| 3-8 | വൃദ്ധർക്ക് കട്ടിൽ വാങ്ങൽ – പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ |
| 3-9 | മരുന്ന് ലഭ്യമായിട്ടില്ല – 2,51,916/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-10 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ – മരുന്ന് പൂർണ്ണമായി ലഭ്യമായില്ല |
| 3-11 | വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 3-12 | ലൈഫ് ഭവനപദ്ധതി – അവലോകനം |
| **ഭാഗം 4 – പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2018-19 |
| അനുബന്ധം 4 | റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2018-19 |

# ഭാഗം -1
# പൊതു അവലോകനം

# 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 15.03.2018ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 26.02.2019 ലെ 1-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റും അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് പ്രകാരമുള്ള വരവുചെലവ് കണക്കുകളും യഥാർഥ വരവുചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 7437325 | 5142520 |
| വരവ് | 103116189 | 91520550 |
| ആകെ | 110553514 | 96663070 |
| ചെലവ് | 86225000 | 80632916 |
| നീക്കിയിരിപ്പ് | 24328514 | 16030154 |

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 06.05.2019 (AIMS മുഖാന്തിരം) |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 20.05.2019, 21.05.2019 | കെ.എസ്.എ.കെ.റ്റി.എം.പി.14/ 624/2019/ 23.05.2019 |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5142520 |
| വരവ് | 91520550 |
| ആകെ | 96663070 |
| ചെലവ് | 80632916 |
| നീക്കിയിരിപ്പ് | 16030154 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത്/ നീക്കിയിരിപ്പ് | ചെലവ് ശതമാനം(%) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13921000 | 13921000 | 12799870 | 1121130 | 92 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2677000 | 2677000 | 2668841 | 8159 | 99.69 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 304000 | 304000 | 286537 | 17463 | 94 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9856000 | 9856000 | 7822501 | 2033499 | 79 |
| സംരക്ഷണഗ്രാന്റ് | 0 | 3114000 | 3114000 | 2527115 | 586885 | 81 |

| | | | | | | |
|---|---|---|---|---|---|---|
| നോൺറോഡ് | | | | | | |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 959 | 14179497 | 14180456 | 14176561 | 3895 | 99.9 |
| ജനറൽ പർപ്പസ് ഫണ്ട് | 823134 | 15789446 | 16612580 | 6601352 | 10011228 | 40 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 8294893 | 8294893 | 6419951 | 1874942 | 77 |
| തനത് ഫണ്ട് | 0 | 13676658 | 13676658 | 6677860 | * | |
| ബി ഫണ്ട് | 0 | 30115060 | 30115060 | 30115060 | 0 | 100 |
| ട്രഷറി റ്റി.എസ്.ബി. ജോയിന്റ് വെഞ്ചർ | 467895 | 6799387 | 7267282 | 6506557 | 760725 | 89.5 |

* തനത് ഫണ്ട് വരവ്/ചെലവ് തുകകൾ റെസീപ്റ്റ് & പെയ്മെന്റ് പത്രികയിലെ ഷെഡ്യൂളുകളുടെ അടിസ്ഥാനത്തിലാണ് കണക്കാക്കിയിട്ടുള്ളത്. തനത് ഫണ്ട് അക്കൗണ്ടുകളിൽ തനത് ഫണ്ടായി പരിഗണിക്കാൻ പറ്റാത്ത തുകകളും ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ തനത് ഫണ്ടിന്റെ മാത്രം മുന്നിരിപ്പ്/നീക്കിയിരിപ്പ് നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല.

## 1-6 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 01.03.2019 ലെ ഉത്തരവ് നം. 490/18/DPC/DPO/KTM പ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 03.02.2018, 03.03.2018 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 18/02/2018, 24.02.2018, 25.02.2018 |
| ഗുണഭോക്തൃലിസ്റ്റ് അംഗീകാരം | 20.05.2018 മുതൽ 27.06.2018 വരെ |
| വികസനസെമിനാർ | 16/03/2018 |

വാർഷിക പദ്ധതിയുടെ ആകെ അടങ്കൽ 98059632/- രൂപയും ആകെ ചെലവ് 65391328/- രൂപയുമാണ്. ചെലവുശതമാനം 66.68%. അംഗീകാരം ലഭിച്ച 147 പ്രോജക്ടുകളിൽ 123 എണ്ണം നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതി കളുടെ എണ്ണം | നിർവ്വഹിച്ചപദ്ധതി കളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 5 | 5 | 692000 | 692000 | 100 |
| 2. | വെറ്ററിനറി സർജൻ | 4 | 4 | 2666000 | 2666000 | 100 |
| 3. | മെഡിക്കൽ ഓഫീസർ -PHC | 4 | 4 | 943469 | 807079 | 85.54 |
| 4. | മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 400000 | 400000 | 100 |
| 5. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 13 | 12 | 54705078 | 36832706 | 67.33 |
| 6. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 8 | 3512836 | 3110287 | 88.54 |
| 7. | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 22 | 17 | 9159118 | 7484456 | 81.71 |
| 8. | അസിസ്റ്റന്റ് എഞ്ചിനീയർ | 80 | 50 | 24453209 | 12039439 | 49.23 |
| 9. | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 540000 | 540000 | 100 |
| 10. | അസിസ്റ്റന്റ് സെക്രട്ടറി | 9 | 9 | 987922 | 819361 | 82.93 |
| | **ആകെ** | 147 | 111 | 98059632 | 65391328 | 66.68 |

2018-19 വാർഷികപദ്ധതിയിൽ വിവിധ സ്രോതസുകളിൽ നിന്നും വകയിരുത്തിയ തുകകളുടെയും ചെലവ്

തുകകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് -പൊതുവിഭാഗം | 14109018 | 12799870 | 90.75 |
| എസ്.സി.പി. | 2952265 | 2668841 | 90.4 |
| ടി.എസ്.പി. | 382000 | 286537 | 75 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 2959607 | 745501 | 25.2 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 1500000 | -- | 0 |
| തനത് ഫണ്ട് | 1018363 | 541803 | 53.2 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡ് | 12704004 | 7822501 | 61.6 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 4677653 | 2527115 | 54 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3094710 | 2999315 | 97 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 3261447 | 2759736 | 84.6 |
| മറ്റുള്ളവ | 42600850 | 25820158 | 60.6 |
| ആകെ | 98059632 | 65391328 | 68.8 |

# 1-7 തൊഴിലുറപ്പ് പദ്ധതി വിശദാംശങ്ങൾ

ഗ്രാമപഞ്ചായത്തിലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി ഗ്രാമസഭാ യോഗങ്ങൾ 14/10/2017 തീയതിയിൽ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത 234 പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിച്ചു. ഇതിൽ 83 പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കി. 2018-19 വർഷം ആകെ 45784 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. ശരാശരി തൊഴിൽ ദിനങ്ങൾ 60. തൻവർഷം നടപ്പാക്കിയ പ്രവർത്തികൾ പ്രധാനമായും താഴെപറയുന്നവയാണ്.

1.മഴക്കുഴി നിർമ്മാണം

2.കയ്യാല നിർമ്മാണം

3.പടുതാക്കുളം നിർമ്മാണം

4.കിണർ നിർമ്മാണം

5.റോഡ് നിർമ്മാണം

6.അങ്കണവാടി നിർമ്മാണം

തൻവർഷത്തെ ആകെ 1,41,76,561/- രൂപയുടെ ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| ഭരണച്ചെലവ് | 390903 |
| അവിദഗ്ധ കൂലിച്ചെലവ് | 12628574 |
| വിദഗ്ധ കൂലിച്ചെലവ് | 326150 |
| | |

| | |
|---|---|
| സാധനവില | 830934 |
| **ആകെ** | **14176561** |

**സാമ്പത്തികനില**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക നേരിട്ട് നൽകുന്നത് | - | 13785658 | 13785658 | 13785658 | - |
| ക്യാഷ് | 959 | 393839 | 394798 | 390903 | 3895 |
| ആകെ | 959 | 14179497 | 14180456 | 14176561 | 3895 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 42960 | 32 |
| കർഷകതൊഴിലാളി പെൻഷൻ | 2190300 | 165 |
| വിധവാപെൻഷൻ | 6046900 | 493 |
| വാർദ്ധക്യകാലപെൻഷൻ | 18032500 | 1555 |
| വികലാംഗപെൻഷൻ | 3110900 | 241 |
| അവിവാഹിത പെൻഷൻ | 516500 | 44 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 150000 | 5 |

# 1-9 കാഷ് വെരിഫിക്കേഷൻ

തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യപത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.06.2019 തീയതിയിൽ 03:35 PM-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 17787/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

ആഭ്യന്തരനിയന്ത്രണ സംവിധാനം വിലയിരുത്തിയതിൽ തിടനാട് ഗ്രാമപഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമാണെന്ന് കാണുന്നു. ഓഫീസ് ഉത്തരവിലൂടെ ജീവനക്കാരുടെ ജോലികൾ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. 'സാംഖ്യാ' സോഫ്റ്റ്‌വെയറിൽ അധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റത്തിലൂടെ സ്ഥാപനത്തിന്റെ സാമ്പത്തിക വിനിമയങ്ങളുടെ രേഖപ്പെടുത്തൽ നടത്തുകയും സിസ്റ്റം ജനറേറ്റ് ചെയ്യുന്ന വിവിധ റിപ്പോർട്ടുകൾ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ പ്രതിദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ, വാർഷിക നീക്കിയിരുപ്പുകളുടെ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നുണ്ട്. വാർഷിക ബജറ്റ് തയ്യാറാക്കുന്നതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 ലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നില്ല. സാംഖ്യാ സ്റ്റേഷനറിക്കും മാന്വൽ രസീത് ബുക്കുകൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകൾ/സബ് വൗച്ചറുകൾ തയ്യാറാക്കിയാണ് ചെലവുകൾ നടത്തുന്നത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കി അവതരിപ്പിക്കുന്ന വാർഷിക കണക്കുകൾ ജനറൽ കമ്മിറ്റി പാസ്സാക്കുന്നുണ്ട്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.5.2019 | 4/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.06.2018 | 2013-14 മുതൽ 2017-18 വരെ | No LBA(HQ)II/I/ 8A-54/18-19/ 78 dtd 10.07.2018 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകളും വിശദമായ പരിശോധനയിൽ കണ്ടെത്തിയ അപാകതകളും ചുവടെ ചേർക്കുന്നു.

1. 31.03.2019 വരെ ആർജ്ജിച്ച ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ബി-11ലെ തുകകളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.
2. ബാലൻസ് ഷീറ്റ് ബി-11 ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വക ബൊലേറോ ജീപ്പിന്റെ മൂല്യം 3,81,080/- രൂപയാണ്. എന്നാൽ ടി വാഹനത്തിന്റെ മൂല്യശോഷണം ആസ്തിമൂല്യത്തിലും അധികമായി രേഖപ്പെടുത്തിയിരിക്കുന്നു (3,91,546/- രു)
3. ലൈഫ് പ്രോജക്ടിന് KURDFCയിൽ നിന്നും 2,47,99,451/-രൂപ ലോൺ എടുക്കുകയും 2,47,25,258/- രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി വിവരങ്ങൾ ചേർത്ത് ലോൺ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.
4. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ പെർമിറ്റ് ഫീ ഇനത്തിലുള്ള വരവ് കൂട്ടിയെഴുതിയിട്ടില്ല. ആയതിനാൽ RP4ൽ ടിയിനത്തിൽ കാണിച്ചിട്ടുള്ള തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
5. കുടിൽരഹിത ഭവനപദ്ധതിയുമായി ബന്ധപ്പെട്ട വായ്പയിൽ ജില്ലാ സഹകരണബാങ്ക് ഈരാറ്റുപേട്ട ശാഖയിൽ വിതരണം ചെയ്യാതെ ബാക്കി നിൽക്കുന്ന 1,63,807/- രൂപ സസ്പെൻസ് അക്കൗണ്ടിലാണ് (നം.050142201600601) സൂക്ഷിച്ചിട്ടുള്ളത്.
6. യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിന് 2023-24 വർഷം വരെയുള്ള ഫീസ് ക്യൂമുലേറ്റീവ് ആയി ഈടാക്കിയിട്ടുള്ളത് പൂർണ്ണമായും തൻവർഷ വരവായിട്ടാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്.
7. വസ്തുനികുതി ഇനത്തിലെ കുടിശിക ഡിമാന്റ് തുക സഞ്ചയ പ്രകാരമുള്ള ഡി.സി.ബി. പത്രികയുമായി പൊരുത്തപ്പെടുന്നില്ല.
8. ജീവനക്കാരുടെ തൊഴിൽനികുതി I-1 പ്രകാരമുള്ള ഡിമാന്റും (724130)RP1 പ്രകാരമുള്ള കളക്ഷനും (693630) വ്യത്യാസപ്പെട്ടിരിക്കുന്നു. പഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി ശമ്പളബില്ലിൽ നിന്നും കുറവ് ചെയ്തത് പ്രത്യേകം രസീത് ചെയ്യാത്തത് മൂലമാണ് ഇപ്രകാരം വന്നത്. എന്നാൽ ആയത് സംബന്ധിച്ച് നോട്ട് ഓൺ അക്കൗണ്ട് തയ്യാറാക്കി വാർഷിക കണക്കിനൊപ്പം സൂക്ഷിച്ചിട്ടില്ല.
9. എം.ജി.എൻ.ആർ.ഇ.ജി.എസ്. കാഷ്ബുക്ക് പ്രകാരമുള്ള വരവ് തുകയും I-6 ലെ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

10. പ്രോജക്ട് നം. 150/19 പ്രകാരം 12-ാം വാർഡിൽ കുഴൽക്കിണറിന് ഹാൻഡ് പമ്പ് സ്ഥാപിക്കുന്നതിന് 46657/- രൂപ ഭൂജല വകുപ്പിൽ നിക്ഷേപിച്ചിട്ടുണ്ട്. ആയത് Advance to Implementing Officers എന്ന ശീർഷകത്തിലല്ല അക്കൗണ്ട് ചെയ്തിരിക്കുന്നത്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടില്ല.

വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലെ സ്ഥാപനങ്ങൾ ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടില്ല. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യൻെറ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. 2018-19 സാമ്പത്തിക വർഷം തിടനാട് ഗ്രാമപഞ്ചായത്തിൽ 191 സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിൽ നിന്നും 2018-19 വർഷം ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 595 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.-യിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 102 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലക്സ് | 1 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. യിൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 0 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ, ബങ്കുകൾ | 5 |
| ഓഫീസ് ആവശ്യം | 30 |
| വ്യവസായാവശ്യത്തിനുള്ള - കൈത്തറിഷെഡ്, കയർപിരിഷെഡ് | 138 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 88 |
| **ആകെ എണ്ണം** | **959** |

സഞ്ചയ പ്രകാരം പഞ്ചായത്ത് പരിധിയിൽ 959 കെട്ടിടങ്ങളെ വാണിജ്യ-വ്യവസായ ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ 191 സ്ഥാപനങ്ങൾക്ക് മാത്രമേ പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുള്ളൂ. ഇതിൽനിന്നും നിരവധി വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്നുണ്ടെന്ന് വ്യക്തമാണ്. ലൈസൻസ് നടപടികൾ ക്രമീകരിക്കാത്തത് മൂലം ചട്ടലംഘനവും ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് വരുമാനനഷ്ടവും സംഭവിക്കുന്നു. പഞ്ചായത്ത് പരിധിയിലുള്ള വാണിജ്യ-വ്യവസായ സ്ഥാപനങ്ങളുടെ ആധികാരികമായ ലിസ്റ്റ് കൃത്യമായ വിവര ശേഖരണം നടത്തി വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്. സ്ഥാപനങ്ങളുടെ ലൈസൻസ്, തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ്, ട്രേഡേഴ്സ് ലിസ്റ്റ് അടിസ്ഥാനമാക്കി തയ്യാറാക്കേണ്ടതാണ്. അദാലത്തുകൾ നടത്തി ലൈസൻസ് പിരിവ് കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കായിട്ടില്ല.

മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം.19/2011/തസ്വഭവ പ്രകാരം തറവിസ്തീർണ്ണാടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. തിടനാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 13 മൊബൈൽ ടവറുകളിൽ 4 മൊബൈൽ ടവറുകൾ വസ്തു നികുതി ഈടാക്കാതെയാണ് പ്രവർത്തിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് /വാതിൽ നമ്പർ | ഉടമസ്ഥൻെറ പേര് | വസ്തു നികുതി ഇനത്തിലെ 2017-18 വരെയുള്ള കുടിശ്ശിക |
|---|---|---|---|
| 1 | IV/455 D | ബി എസ് എൻ എൽ ടവർ | 19166 |
| 2 | X/325 A | ബി എസ് എൻ എൽ ടവർ | 19520 |
| 3 | XII/108 A | ബി എസ് എൻ എൽ ടവർ | 23425 |
| 4 | XIV/405 A | ബി എസ് എൻ എൽ ടവർ | 19645 |

ജി.ഒ(ആർ.ടി)2640/2012/ത.സ്വ.ഭ.വ.തീയതി 19.09.2011 പ്രകാരം ബി.എസ്.എൻ.എൽ ടവറുകളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കണമെന്ന ബി.എസ്.എൻ.എൽ ചീഫ് ജനറൽ മാനേജരുടെ അപേക്ഷ സർക്കാർ നിരസിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (3/01.07.19) നാല് മൊബൈൽ ടവറുകളുടേയും വസ്തുനികുതി ഈടാക്കുന്നതിലേക്കായി ഓൺലൈൻ റവന്യൂ റിക്കവറി നടപടികൾക്കായി സമർപ്പിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. നടപടികൾ തീർപ്പാക്കി വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 രസീതുകൾ ക്രമപ്രകാരം ക്യാൻസൽ ചെയ്യുന്നില്ല

2018-19 വർഷം തിടനാട് ഗ്രാമപഞ്ചായത്തിൽ മാനവൽ/സാംഖ്യാ ക്യാൻസൽഡ് രസീതുകൾ പുനർ ഉപയോഗം സാധ്യമാകാത്ത രീതിയിൽ ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | രസീത് നം. |
|---|---|
| 1 | 19538/17 |
| 2 | 19544/26 |
| 3 | 19548/18 |
| 4 | 37297/5 |
| 5 | 37297/97 |
| 6 | 2882473/18.08.18 |
| 7 | 2883369/07.11.18 |
| 8 | 2883800/27.11.18 |
| 9 | 2885576/28.02.19 |
| 10 | 2885719/08.03.19 |

ഇപ്രകാരം മാനവൽ/സാംഖ്യാ രസീതുകൾ ക്യാൻസൽ ചെയ്യാതിരിക്കുന്നത് പിന്നീട് ക്രമക്കേടുകൾ നടത്തുന്നതിന് സാദ്ധ്യത നൽകുന്നു. പ്രിന്റർ തകരാർ മൂലമോ മറ്റ് കാരണങ്ങൾ മൂലമോ മാനവൽ/സാംഖ്യാ രസീതുകൾ ക്യാൻസൽ ചെയ്യുന്ന സന്ദർഭങ്ങളിൽ അതാത് ദിവസം തന്നെ അവ പുനർ ഉപയോഗം സാധ്യമാകാത്ത രീതിയിൽ മാനവൽ ആയി വരച്ച് ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 2-4 ക്യാൻസൽ ചെയ്ത രസീതിൻെറ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 സാമ്പത്തിക വർഷം നടപ്പാക്കിയ 54/19 തേനീച്ച കൃഷി എന്ന പ്രോജക്ടിൽ ഗുണഭോക്തൃ വിഹിതമായി ഒരു ഗുണഭോക്താവിന് 600/- രൂപ നിശ്ചയിച്ച് അടവാക്കിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം അടവാക്കിയതിൽ 19541-ാം നമ്പർ രസീത് ബുക്കിൻെറ 44-ാം നമ്പർ രസീത് ക്യാൻസൽ ചെയ്തിട്ടുള്ളതായി കാണുന്നു. എന്നാൽ പ്രസ്തുത രസീതിൻെറ ഗുണഭോക്താവിന് നൽകേണ്ട പകർപ്പ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/02.07.19) 44-ാം നമ്പർ രസീത് നൽകിയ ഗുണഭോക്താവ് തേനീച്ച കൃഷിക്കായി 600/- രൂപ നേരത്തേ തന്നെ അടച്ചിരുന്നു എന്നും ആയതിന് മറ്റൊരു രസീത് നൽകിയിരുന്നെന്നും അതിനാൽ പുതിയ രസീത് ക്യാൻസൽ ചെയ്യുകയായിരുന്നു എന്നും എന്നാൽ ഗുണഭോക്താവിന് കൊടുത്ത രസീത് വാങ്ങി വയ്ക്കാൻ മറന്നുപോയതാണെന്നും മറുപടി നൽകിയിട്ടുണ്ട്. കൂടാതെ ക്യാൻസൽ ചെയ്ത രസീത് ഉപയോഗിച്ച് ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടില്ലെന്നുള്ള ഗുണഭോക്താവിൻെറ സാക്ഷ്യപത്രവും മറുപടിക്കൊപ്പം ഹാജരാക്കിയിട്ടുണ്ട്. ഡ്യൂപ്ലിക്കേറ്റ് ലഭ്യമാക്കാതെ രസീത് ക്യാൻസൽ ചെയ്ത നടപടി ക്രമവിരുദ്ധമാണ്. ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 പിരിവ് തുകകൾ അതാത് ദിവസം പഞ്ചായത്തിൽ അടവാക്കിയിട്ടില്ല.

കേരള ട്രഷറി കോഡ് ഭാഗം 1 ആർട്ടിക്കിൾ 7(2) പ്രകാരം അതാത് ദിവസത്തെ പിരിവ് തുകകൾ അതാത് ദിവസമോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ട്രഷറി/ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ തിടനാട് ഗ്രാമപഞ്ചായത്തിന്റെ രസീതുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ദിവസേനയുള്ള ഫീൽഡ് കളക്ഷൻ തുകകൾ പഞ്ചായത്തിൽ അടവാക്കുന്നതിൽ കാലതാമസം കാണുന്നു.

| രസീത് ബുക്ക് നം., രസീത് നം. | പിരിവ് നടത്തിയ തീയതി | പഞ്ചായത്തിൽ അടവാക്കിയ തീയതി | തുക |
|---|---|---|---|
| 19544, 39 to 87 | 21.11.18 | 27.11.18 | 29414 |
| 19544, 88 to 100 | 24.11.18 | 27.11.18 | 6432 |
| 19547, 1 to 20 | 22.11.18 | 27.11.18 | 10095 |
| 19547, 21 to 71 | 23.11.18 | 27.11.18 | 13899 |
| 19547, 72 to 100 | 24.11.18 | 27.11.18 | 14117 |
| 19548, 1 to 12 | 23.11.18 | 26.11.18 | 4288 |
| 37294, 18 to 21 | 04.02.19 | 08.02.19 | 2228 |

പിരിവ് തുകകൾ വൈകി അടയ്ക്കാനുണ്ടായ സാഹചര്യം സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (8/01.07.2019) നൂറ് ശതമാനം നികുതി പിരിവ് എന്ന ലക്ഷ്യത്തോടെ ദിവസവും വളരെ വൈകിയും അതിരാവിലെയും തുക പിരിക്കുന്നതിനായി ഓഫീസിൽ എത്താതെ ഫീൽഡ് ക്ലർക്കുമാർ ഫീൽഡിൽ പോയതുകൊണ്ട് തിരിച്ച് ഓഫീസിൽ എത്തിയ ദിവസമാണ് പിരിവ് തുക അടവാക്കിയതെന്ന് മറുപടി നൽകിയിട്ടുണ്ട്. കളക്ഷൻ തുകകൾ അടവാക്കുന്നതിന് നിയതമായ നടപടിക്രമം അനുശാസിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത വിശദീകരണം അംഗീകരിക്കാവുന്നതല്ല. അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്കും പൊതുജനങ്ങൾക്കും ഒരു നിശ്ചിത നിരക്കിൽ തിടനാട് പഞ്ചായത്തിൽ നിന്നും ആംബുലൻസ് സൗകര്യം ലഭ്യമാണ്. ആംബുലൻസിൻറെ ദിവസേനയുള്ള ഫീൽഡ് കളക്ഷൻ തുകകൾ പഞ്ചായത്തിൽ അടവാക്കുന്നതിൽ കാലതാമസം കാണുന്നു.

| ആംബുലൻസ് ഓട്ടം പോയ തീയതി | പിരിവ് തുക | പഞ്ചായത്തിൽ അടവാക്കിയ തീയതി |
|---|---|---|
| 10.07.18 | 700 | 23.07.18 |
| 13.07.18 | 600 | |
| 20.07.18 | 400 | 28.07.18 |
| 22.07.18 | 400 | |
| 22.09.18 | 700 | 29.09.18 |
| 06.10.18 | 400 | 20.10.18 |
| 12.10.18 | 300 | 24.10.18 |
| 14.10.18 | 600 | |
| 20.12.18 | 500 | 31.12.18 |
| 21.12.18 | 700 | |
| 25.12.18 | 600 | |
| 15.01.19 | 1200 | 25.01.19 |
| 19.01.19 | 1000 | |
| 20.01.19 | 700 | |
| 09.03.19 | 1200 | 19.03.19 |
| 10.03.19 | 1500 | |

ഇപ്രകാരം വിവിധ പിരിവ് തുകകൾ കൂടുതൽ ദിവസം കൈവശം വയ്ക്കുന്നത് ചട്ടലംഘനവും മറ്റ് സാമ്പത്തികമായ തിരിമറികൾക്ക് ഇടയാക്കുന്നതുമാണ്. ആയതിനാൽ മേലിൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് പ്രത്യേകമായ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇത് സംബന്ധമായ നിയന്ത്രണസംവിധാനം കാര്യക്ഷമമാക്കേണ്ടതുമാണ്.

## 2-6 കെട്ടിട നിർമ്മാണ ക്രമവൽക്കരണ ഫീസ് കുറവായി ഈടാക്കിയിരിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് സെക്രട്ടറി 11.11.2015 ൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് 229813/ ആർ.ഡി2/15 നമ്പരായി നൽകിയിട്ടുള്ള സ്പഷ്ടീകരണ കത്തിൽ ഒരിക്കൽ പെർമിറ്റെടുത്ത ശേഷം ആയതിൽ നിന്ന് വ്യതിചലിച്ച് സംഗതികൾ ക്രമവത്കരിക്കുമ്പോൾ രാജിയാക്കൽ ഫീസ് മാത്രവും പെർമിറ്റെടുക്കാതെ പൂർണ്ണമായും ക്രമവത്കരിക്കുന്ന കേസുകളിൽ രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസും ഈടാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ, തിടനാട് ഗ്രാമപഞ്ചായത്തിൽ പെർമിറ്റെടുക്കാതെയുള്ള നിർമ്മാണങ്ങളുടെ ക്രമവത്കരണത്തിന് രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കുന്നത്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | അപേക്ഷകൻ്റെ പേര് | വീട്ടു നമ്പർ | വിസ്തീർണ്ണം(m2) | ഉപയോഗ ക്രമം |
|---|---|---|---|---|
| 1 | കൊച്ചുറാണി ജോസഫ് പുരയിടത്തിൽ | III/408 C | 146.26 | പാർപ്പിടാവശ്യം |
| 2 | ക്ലാരക്കുട്ടി & ട്രീസ ആന്റണി കോയിക്കതെക്കേതിൽ | IX/281 A | 97.85 | പാർപ്പിടാവശ്യം |
| 3 | ഷിനു കെ മാമ്മൻ കൊട്ടാരത്തിൽ | IX/265 F | 7.3 | വാണിജ്യാവശ്യം |
| 4 | മാത്തുക്കുട്ടി കെ എം കാക്കല്ലിൽ | X/441 A | 86.74 | വാണിജ്യാവശ്യം |
| 5 | ബിജു കെ ജോർജ് കല്ലാചേരിൽ | III/408 D | 145.76 | പാർപ്പിടാവശ്യം |
| 6 | ജിതിൻ ശർമ്മ സുരഭി | III/386 | 46.95 | ഓഫീസാവശ്യം |
| 7 | തെയ്യാമ്മ പൊരിയത്ത് | VI/120 A | 13.2 | വാണിജ്യാവശ്യം |
| 8 | ഗോപാലകൃഷ്ണൻ നായർ കോലത്ത് | V/148 E | 221.6 | പാർപ്പിടാവശ്യം |
| 9 | തോമസ് പി ടി പെരുനിലത്ത് | IV/479 A | 350 | വാണിജ്യാവശ്യം |

ഭൂരിഭാഗം പഞ്ചായത്തുകളിലും സങ്കേതം സോഫ്റ്റ്വെയറിൽ സെറ്റ് ചെയ്തിരിക്കുന്ന പ്രകാരമുള്ള രാജിയാക്കൽ ഫീസ് മാത്രം ഈടാക്കുന്നത് കൊണ്ടാണ് കുറവ് സംഭവിക്കുന്നത് എന്നതിനാൽ സോഫ്റ്റ്വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് ഐ.കെ.എം.ന്റെ ഭാഗത്തുനിന്ന് നടപടികളുണ്ടാവുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഉണ്ടാകേണ്ടതും ഭാവിയിൽ രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-7 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് 232-ാം വകുപ്പ് , 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ 2012 എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും പ്രസ്തുത ലൈസൻസിലും 2012 കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിക്കാതെയും യാതൊരാളും ഒന്നാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതൽ എണ്ണം മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്ന ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുവാനോ നടത്തിക്കൊണ്ടുപോകുവാനോ പാടുള്ളതല്ല. എന്നാൽ തിടനാട് ഗ്രാമപഞ്ചായത്ത്

പരിധിയിൽ വസ്തു നികുതി നിർണ്ണയത്തിനുള്ള സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വ്യവസായ ആവശ്യത്തിനുള്ള ഷെഡുകൾ എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി കോഴി വളർത്തൽ ഷെഡ് ആയി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങൾ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 2012 പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിടം | കെട്ടിട ഉടമയുടെ പേര് |
|---|---|---|
| 1 | IV/178 A | വർക്കി & ബ്രിജീത്ത<br>തെക്കുംചേരിക്കുന്നേൽ |
| 2 | IV/140 A | ശ്രീകുമാർ, കല്ലറങ്ങാട്ട് |
| 3 | IV/179 A | പി സി ജോർജ്, പഴയമഠത്തിൽ |
| 4 | IV/184 A | സുനിൽ കെ കെ., കല്ലുവാതുക്കൽ |
| 5 | V/212 B | ജോർജ്ജ് മാത്യു, പൊന്തനാൽ |
| 6 | VII/27 A | ജോസ് എബ്രഹാം, വടക്കേൽ |
| 7 | VII/296 C | മാത്യു ജോസഫ്, കണിയാംപടിക്കൽ |
| 8 | VIII/138 A | ഷാജി മാത്യു, തോട്ടമറ്റം |
| 9 | VIII/145 | സാലി അലക്സാണ്ടർ, കുടക്കച്ചിറ |
| 10 | VIII/223 A | ബിനോയി മൈക്കിൾ, കള്ളിവയലിൽ |
| 11 | VIII/246 A | ജോസുകുട്ടി, കാവുങ്കൽ |
| 12 | IX/348 | ജോസഫ് തോമസ്<br>കോക്കാട്ട്മുട്ടത്തുകുന്നേൽ |
| 13 | IX/349 | ബിജു ജോസഫ്<br>കോക്കാട്ട്മുട്ടത്തുകുന്നേൽ |
| 14 | IX/350 | ജോസഫ് ജോസഫ്<br>കോക്കാട്ട്മുട്ടത്തുകുന്നേൽ |
| 15 | IX/380 | വിദ്യാധരൻ എൻ.<br>ഒറ്റക്കമൂക്കിനാൽ |
| 16 | IX/382 | കെ ജെ തോമസ്, കിണറ്റുകര |
| 17 | IX/383 | കെ ജെ തോമസ്, കിണറ്റുകര |
| 18 | IX/440 F | സുഭാഷ് സി പി., ചെമ്പൻകുളം |
| 19 | IX/440 G | സുഭാഷ് സി. പി., ചെമ്പൻകുളം |
| 20 | IX/494 A | അലക്സാണ്ടർ, ഞാവള്ളിയിൽ |
| 21 | X/511 A | അലക്സ് കുട്ടി, നാഗത്തൂർ |
| 22 | XI/13 C | കുര്യാക്കോസ് തോമസ്<br>മൂഴിയാങ്കൽ |
| 23 | XI/15 | എം ടി ജോർജ്ജ്, മൂഴിയാങ്കൽ |
| 24 | XI/16 | എം ടി ജോർജ്ജ്, മൂഴിയാങ്കൽ |
| 25 | XI/18 | എം ജെ തോമസ്, മൂഴിയാങ്കൽ |
| 26 | XI/19 | ബേബി തോമസ്, മൂഴിയാങ്കൽ |
| 27 | XI/35 | ഡിജോ ടോം, കുട്ടിയാനിയിൽ |
| 28 | XI/123 | മാത്യൂസ് ജോസ്, വഴക്കാപ്പാറ |
| 29 | XI/123 A | മാത്യൂസ് ജോസ്, വഴക്കാപ്പാറ |
| 30 | XI/417 | സോജി ജോർജ്ജ് , കണ്ണാട്ടുകുന്നേൽ |
| 31 | XII/297 A | ജോസ് പൊരിയത്ത് |
| | | |

| | | |
|---|---|---|
| 32 | XII/307 A | എമ്മാനുവേൽ ജോസഫ്<br>പൊട്ടനാനിയിൽ |
| 33 | XII/401 A | രാജു എം തോമസ്<br>കുന്നംപുറത്തായ മലമേൽ |
| 34 | XII/401 C | രാജു എം തോമസ്<br>കുന്നംപുറത്തായ മലമേൽ |
| 35 | XIII/294 A | ബേബിച്ചൻ, മുതുപ്ലാക്കൽ |

1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഇനം 130 പ്രകാരം ലൈസൻസും കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ 2012 പ്രകാരം 100 എണ്ണം കോഴികളിൽ കൂടുതൽ ഉണ്ടെങ്കിൽ ലൈവ് സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസും എടുക്കേണ്ടതാണ്. ഇപ്രകാരം കോഴി വളർത്തൽ ഷെഡ് ആയി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളിൽ വളർത്തുന്ന കോഴികളുടെ എണ്ണം ലഭ്യമാക്കുവാൻ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ചും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതിനെ സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (5/01.07.19) മേൽ പ്രസ്താവിച്ചതിൽ മൂന്ന് എണ്ണത്തിന് ലൈസൻസ് എടുത്തിട്ടുണ്ടെന്നും വിവിധ രേഖകളുടെ അഭാവത്തിൽ ബാക്കിയുള്ളവയ്ക്ക് ലൈസൻസ് നൽകാൻ കഴിയാത്തവയുമാണെന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസ് ഇല്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നത് ചട്ടലംഘനമായതിനാൽ അന്വേഷണം നടത്തി ഫാമുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-8 2018-19 സാമ്പത്തിക വർഷം ലൈസൻസ് നൽകിയത് 30.10.2017ലെ ചട്ടം ഭേദഗതി പ്രകാരമല്ല.

1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് 30.10.2017 ജി.ഒ.(പി) 80/17/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇത് പ്രകാരം 01.11.2017 മുതൽ പുതുക്കിയ ചട്ടപ്രകാരമാണ് ലൈസൻസ് നൽകേണ്ടിയിരുന്നത്. എന്നാൽ തിടനാട് ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷവും 1996ലെ ചട്ടപ്രകാരമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. പുതുക്കിയ ചട്ടം നടപ്പാക്കുന്നതിനായി കമ്മറ്റി ചർച്ച ചെയ്ത് ബൈലോ അംഗീകരിച്ച് നാളിതുവരെ പാസ്സാക്കിയിട്ടില്ല. പഞ്ചായത്തിന്റെ തനത് വരുമാന ഇനത്തിലെ പ്രധാന ഇനമായ സ്ഥാപനങ്ങളുടെ ലൈസൻസ് സംബന്ധിച്ച 30.10.2017ലെ ചട്ട ഭേദഗതി നടപ്പാക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഇത്തരം വിഷയങ്ങളിൽ ഫലപ്രദമായി ഇടപെടേണ്ടതാണ്.

## 2-9 റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം തൊഴിൽ നികുതിയും 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ലൈസൻസ് ഫീസും തിടനാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു. തന്മൂലം ചട്ടലംഘനവും പഞ്ചായത്തിന് വരുമാന നഷ്ടവും സംഭവിച്ചിട്ടുള്ളതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (6/01.07.19) സമർപ്പിച്ച മറുപടിയിൽ റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും 30.10.2017ലെ ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും 30.10.2017ലെ ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-10 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. 2017-18 സാമ്പത്തിക വർഷം തിടനാട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിരുന്നില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | എൻ.ആർ.ഇ.ജി.എ. തിടനാട് ഗ്രാമപഞ്ചായത്ത് | 2 |
| 2 | യോഗസുധ ആയുർവേദ ആശുപത്രി | 1,2 |
| 3 | മലനാട് മിൽക്ക് സൊസൈറ്റി | 1,2 |
| 4 | ജോർജ്ജിയൻ ഡെൻറൽ ലാബ് | 1,2 |
| 5 | എൻ ജെ വി അസോസിയേറ്റ്സ് പെട്രോൾ പമ്പ് | 2 |
| 6 | വൈസ് മെൻ ഇൻറർനാഷണൽ കമ്പ്യൂട്ടറൈസ്ഡ് ക്ലിനിക്കൽ ലാബ് | 1,2 |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പ് (1/01.07.19) നൽകിയ ശേഷം എൻ.ആർ.ഇ.ജി.എ. തിടനാട് ഗ്രാമപഞ്ചായത്ത്, എൻ ജെ വി അസോസിയേറ്റ്സ് പെട്രോൾ പമ്പ് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. യോഗസുധ ആയുർവേദ ആശുപത്രി 2018-19 സാമ്പത്തിക വർഷം രണ്ടാം പകുതിക്ക ശേഷം മാത്രമാണ് പ്രവർത്തനം ആരംഭിച്ചതെന്നും വൈസ് മെൻ ഇന്റർ നാഷണൽ ക്ലിനിക്കൽ ലാബ്, ജോർജ്ജിയൻ ഡെന്റൽ ലാബ്, മലനാട് മിൽക്ക് സൊസൈറ്റി എന്നീ സ്ഥാപനങ്ങളുടെ വിറ്റുവരവ് കുറവായതിനാൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നത് അവർക്ക് ലഭിക്കുന്ന വേതനത്തിൻെറ അടിസ്ഥാനത്തിലായതിനാൽ വൈസ്മെൻ ഇന്റർ നാഷണൽ ക്ലിനിക്കൽ ലാബ്, ജോർജ്ജിയൻ ഡെന്റൽ ലാബ്, മലനാട് മിൽക്ക് സൊസൈറ്റി എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നികുതി കാലയളവിലെ വേതന പത്രികകൾ ലഭ്യമാക്കി അവർ നികുതി പരിധിയിൽ പെടുന്നുവെങ്കിൽ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പകൽവീടിന് അനുബന്ധ സാധനങ്ങൾ വാങ്ങൽ - വാങ്ങിയ സാധനങ്ങൾ വിതരണം ചെയ്തിട്ടില്ല

പ്രോജക്ട് നം. 142/19

ചെലവ് - 33018/- രൂപ ( ബിൽ നം. 39/18-19/7.3.2019 )

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം M/S തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സ്, പത്തനംതിട്ട എന്ന സ്ഥാപനത്തിൽ നിന്നും താഴെപ്പറയുന്ന ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്.

| ഇനം | എണ്ണം | വില |
|---|---|---|
| സ്റ്റീൽ അലമാര | 2 | 2x10419=20838 |
| പ്ലാസ്റ്റിക് കസേര | 10 | 10x480= 4800 |
| സ്റ്റീൽ മേശ | 1 | 2880 |
| കട്ടിൽ | 1 | 4500 |
| ആകെ | | 33018 |

ഇൻവോയ്സ് നം. TTL4715/18-19/7.3.2019 പ്രകാരം 33018/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ വാങ്ങിയ സാധനങ്ങൾ പകൽവീടിന് നൽകാതെ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നതായി കാണപ്പെട്ടു. 18 ഗേജ് സ്റ്റീൽ അലമാരയുടെ വിലയാണ് ഇൻവോയ്സിൽ രേഖപ്പെടുത്തിയിരിക്കുന്നതെങ്കിലും ഇൻവോയ്സിൽ ഗേജ്

രേഖപ്പെടുത്തിയിട്ടില്ല. വാങ്ങിയ സാധനങ്ങൾ പകൽവീടിന് വിതരണം ചെയ്യാത്തത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 17-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ തിടനാട് ടൗണിന് അടുത്തായി ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തി വരുന്ന പകൽവീട് പൂർത്തീകരിക്കുന്ന മുറയ്ക്ക് നിലവിൽ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന ഫർണിച്ചറുകൾ കൈമാറി നൽകുന്നതാണെന്ന് അറിയിച്ചു. ഫർണിച്ചറുകൾ പകൽവീടിന് കൈമാറി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ 33018/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 തെരുവ് വിളക്ക് വാങ്ങൽ അപാകതകൾ

പ്രോജക്ട് നം. 7/19

അടങ്കൽ- 720000 (219000- വികസന ഫണ്ട് + 501000 - ധനകാര്യകമ്മീഷൻ ഗ്രാന്റ് )

ചെലവ് - 718957 രൂപ (ബിൽ നം. 42/18-19/ 19.3.19- 219000 + ബിൽ നം 41/18-19/19.3.2019-484050+ ബിൽ നം. 43/18-19/ 19.3.2019- 15907 )

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

മേൽ പ്രോജക്ട് പ്രകാരം സൺറെയ്സ് ഇലക്ട്രിക്കൽസ്, കോളേജ് ജംഗ്ഷൻ, ഈരാറ്റുപേട്ട എന്ന സ്ഥാപനത്തിൽ നിന്നും 20W LED ലൈറ്റുകൾ 645 എണ്ണം വാങ്ങിയിട്ടുണ്ട്. ബിൽ നം. 651/ 14.3.19 പ്രകാരം ഒരു 20W LED ലൈറ്റിന് 1090/- രൂപ നിരക്കിൽ 703050/- രൂപ സൺറെയ്സ് ഇലക്ട്രിക്കൽസിന് നൽകിയിട്ടുണ്ട്. ബിൽ നം. 43/18-19/ 19.3.2019 പ്രകാരം 15907/- കെ.എസ്.ഇ.ബി.ക്ക് സൂപ്പർവിഷൻ ചാർജ്ജും നൽകിയിട്ടുണ്ട്.

| ബിൽ നം/ തീയതി | തുക | ഫണ്ടിനം |
|---|---|---|
| 42/18-19/ 19.3.2019 | 219000 | വികസന ഫണ്ട് |
| 41/18-19/ 19.3.2019 | 484050 | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| 43/18-19/ 20.3.2019 | 15907 | ധനകാര്യകമ്മീഷൻ ഗ്രാന്റ് |

സ്ട്രീറ്റ് ലൈറ്റ് സ്റ്റോക്ക് രജിസ്റ്റർ പേജ് 4 ൽ 645 20W LED ലൈറ്റുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ട്. ഇതിൽ 100 എണ്ണം വാർഡ് 8-ലും 75 എണ്ണം വാർഡ് 4-ലും 50 എണ്ണം വാർഡ് 7-ലും നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് ആർക്ക് നൽകി എന്ന് വ്യക്തമല്ല. ആയത് സ്ഥാപിച്ചതിന്റെ വിവരവും ലഭ്യമല്ല. ബാക്കി 420 ലൈറ്റുകൾ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. അപാകത സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 19-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ പ്രോജക്ട് പ്രകാരം വാങ്ങിയ മുഴുവൻ തെരുവ് വിളക്കുകളും സ്ഥാപിച്ചതിനുശേഷം ആയത് സംബന്ധിച്ച സാക്ഷ്യപത്രം ബന്ധപ്പെട്ട കെ.എസ്.ഇ.ബി. ഓഫീസുകളിൽ നിന്നും വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചു. പ്രോജക്ട് പ്രകാരം വാങ്ങിയ 645 20W LED ലൈറ്റുകളും സ്ഥാപിച്ച് ബന്ധപ്പെട്ട കെ.എസ്.ഇ.ബി. ഓഫീസുകളിൽ നിന്നും ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമാക്കുന്നത് വരെ 7,18,957/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 മരാമത്ത് പ്രവൃത്തികളിൽ നിന്നും നിർമ്മാണതൊഴിലാളിക്ഷേമനിധി ഈടാക്കിയതിൽ അപാകത

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ട് 1996 ലെ സെക്ഷൻ 3(2) പ്രകാരം വർക്ക് ബില്ലിൽ നിന്നുള്ള വസൂലാക്കലുകളിൽ നിർമ്മാണതൊഴിലാളി ക്ഷേമനിധി ആകെ പ്രവർത്തിമൂല്യത്തിന്റെ 1% ഈടാക്കി ആകെ ലഭിക്കുന്ന ക്ഷേമനിധിയുടെ 1% കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്ത് എടുത്തതിന് ശേഷം വെൽഫെയർ ബോർഡിൽ ഒടുക്കേണ്ടതാണ്. എന്നാൽ 2018-19 വർഷത്തെ മരാമത്ത് പ്രവൃത്തികൾ പരിശോധിച്ചതിൽ ഇപ്രകാരം ഒടുക്കുന്നതിന് പകരം ആകെ പ്രവർത്തി മൂല്യത്തിന്റെ 0.9% നിർമ്മാണതൊഴിലാളിക്ഷേമനിധിയായും 0.1% സർവ്വീസ് ചാർജ്ജായും ആണ് ഈടാക്കിയിരിക്കുന്നത്. ഇങ്ങനെ ഈടാക്കിയ ക്ഷേമനിധി വെൽഫെയർ ബോർഡിന്റെ 799011400000072 നം. അക്കൗണ്ടിലേയ്ക്കും സർവ്വീസ് ചാർജ്ജ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 70902140000002 നം. അക്കൗണ്ടിലേയ്ക്കും ക്രഡിറ്റ് ചെയ്യുകയും ചെയ്തു. ഇപ്രകാരം വെൽഫെയർ ബോർഡിന് ലഭിക്കേണ്ട ക്ഷേമനിധി പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലെത്തി.

<u>ഉദാഹരണം</u>

പ്രവൃത്തി- മന്തക്കുന്ന് ഒലിപ്പാറ റോഡ് ടാറിങ്ങ് പ്രോജക്ട് നം. 70/18-19

| ഇനം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക |
|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 399709 | 399709 |
| ആദായനികുതി 1% | 3997 | 3997 |
| സ്റ്റേറ്റ് ജിഎസ് റ്റി 1% | 3997 | 3997 |
| സെൻട്രൽ ജിഎസ് റ്റി 1% | 3997 | 3997 |
| നിർമ്മാണതൊഴിലാളിക്ഷേമനിധി 0.9% | 3597 | 3997 |
| സർവ്വീസ് ചാർജ്ജ് 0.1% | 400 | 0 |
| ആകെ | 15988 | 15988 |

മേൽ പ്രവൃത്തിയിൽ നിന്നും ലഭിച്ച നിർമ്മാണതൊഴിലാളിക്ഷേമനിധി 3997 ന്റെ 1% ആയ 39.97 മാത്രമാണ് പഞ്ചായത്തിന് അർഹമായത്. മരാമത്ത് പ്രവൃത്തികളിൽ നിന്നും ക്ഷേമനിധി കൃത്യമായി കണക്കാക്കി അക്കൗണ്ടിലടവാക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 7/01/07/2019-ന് ഒടുക്കുവാൻ ബാക്കിനിൽക്കുന്ന ക്ഷേമനിധി കണക്കാക്കി അക്കൗണ്ടിലടയ്ക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി.

# 3-4 മരാമത്ത് പ്രവൃത്തികളിൽ കാലിബാരൽ വില ഈടാക്കാത്തത്

സി.പി.ഡബ്ല്യു.ഡി. സ്പെസിഫിക്കേഷൻ 16.4.2.1 അനുസരിച്ച് ടാറിംഗ് പ്രവൃത്തികളിൽ കാലിബാരലുകൾ കേടുപാടുകൾ കൂടാതെ തിരിച്ച് നല്കിയില്ലെങ്കിൽ വില ഈടാക്കാവുന്നതാണ്. ഇതിന് വകുപ്പ് വില നിശ്ചയിച്ചിട്ടുള്ളത് 238/-രൂപയും ജി.എസ്.റ്റിയുമാണ്. താഴെപറയുന്ന പ്രവൃത്തികളിൽ കാലിബാരൽ തിരികെ നൽകുകയോ വില ഈടാക്കുകയോ ചെയ്തിട്ടില്ല.

| പ്രവൃത്തി വിശദാംശങ്ങൾ | ഉപയോഗിച്ച ബിറ്റുമിൻ ബാരലുകളുടെ എണ്ണം | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|
| കോണ്ടൂർക്കടവ് റോഡ് മെയിന്റനൻസ്<br>പ്രോജക്ട് നം. 119/18-19<br>എം ബുക്ക് നം. 28<br>ബിൽ നം. 8/18-19/31.5.2018<br>കൺവീനർ- ശംഭു ദേവശർമ്മ | 12 | 2856 + ജി.എസ്.റ്റി 514 |

അധികം നൽകിയ തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 15 തിയതി 03/07/2019ന് ഈടാക്കാൻ ബാക്കിനിൽക്കുന്ന കാലിബാരൽ വില ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി.

# 3-5 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - റോഡ് കോൺക്രീറ്റിങ്ങ് പ്രവൃത്തികളിൽ ഡിസ്പ്ലെ ബോർഡ് സ്ഥാപിച്ചിട്ടില്ല.

തിടനാട് പഞ്ചായത്തിൽ 2018-19 വർഷം തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നിർവ്വഹിച്ച റോഡ് കോൺക്രീറ്റിങ്ങ് പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ 5000/- രൂപ വകയിരുത്തി ഡിസ്പ്ലെ ബോർഡ് സ്ഥാപിക്കൽ എന്ന ഇനം പ്രവൃത്തി

വിഭാവനം ചെയ്ത് എം ബുക്കിൽ രേഖപ്പെടുത്തിയെങ്കിലും 02/07/2019 ൽ ഓഡിറ്റ് വിഭാഗം നടത്തിയ സൈറ്റ് പരിശോധനയിൽ ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കാത്തതായി ബോധ്യപ്പെട്ടു.

2018-19 വർഷം നിർവ്വഹിച്ച കോൺക്രീറ്റിങ്ങ് പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എം ബുക്ക് നം. | എസ്റ്റിമേറ്റ് തുക |
|---|---|---|---|
| 1 | സി.എം.എസ് സ്കൂൾ സി.എം.എസ് കോളനി റോഡ് കോൺക്രീറ്റിങ്ങ് | 192/18-19 | 465000 |
| 2 | കാവുംകുളം കൊട്ടാരത്തിൽപറമ്പ്റോഡ് കോൺക്രീറ്റിങ്ങ് | 163/18-19 | 180000 |
| 3 | ഡോ.എ.പി.ജെ അബ്ദുൾക്കലാം റോഡ് കോൺക്രീറ്റിങ്ങ് | 193/18-19 | 400000 |
| 4 | ചേറ്റുതോട് ശൗര്യമര ഇരുപ്പക്കാവ് റോഡ് കോൺക്രീറ്റിങ്ങ് | 195/18-19 | 300000 |
| 5 | പൂവാനിക്കാട് വെളുത്തമല റോഡ് കോൺക്രീറ്റിങ്ങ് | 194/18-19 | 499000 |

എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തു എങ്കിലും പൂർത്തീകരിക്കാത്ത പ്രവൃത്തി എം ബുക്കിൽ രേഖപ്പെടുത്തിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.16/03/07/2019-ന് ബോർഡുകൾ സ്ഥാപിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കുന്നതാണെന്നും ഭാവിയിൽ അപാകത ആവർത്തിക്കുന്നതല്ലെന്നും മറുപടി നൽകി.

## 3-6 സ്കൂൾ വിദ്യാർത്ഥിനികൾക്കായി സാനിട്ടറി നാപ്കിൻ വിതരണം- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ സ്കൂൾ വിദ്യാർത്ഥിനികൾക്കായി സാനിട്ടറി നാപ്കിൻ വിതരണം (പ്രോജക്ട് നം.64/19) എന്ന പ്രോജക്ടിനായി എച്ച്.എൽ.എൽ.ലൈഫ് കെയർ ലിമിറ്റഡിന്റെ 06.03.2019 ഇൻവോയ്സ് പ്രകാരമുള്ള സാനിട്ടറി നാപ്കിൻ വിതരണം ചെയ്യുന്നതിന് 05/18 കത്ത് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥയായ എെ.സി.ഡി.എസ്.സൂപ്പർ വൈസർ സപ്ലൈ ഓർഡർ നൽകിയിരുന്നു. ഇത് പ്രകാരം തിടനാട് ഗ്രാമ പഞ്ചായത്തിലെ മൂന്ന് സ്കൂളുകളിൽ 26.03.19ൽ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിന്റെ കൊച്ചിയിലെ അംഗീകൃത വിതരണക്കാരായ ഫോർ വേൾഡ് എന്റർപ്രൈസസ് എന്ന സ്ഥാപനം സാനിട്ടറി നാപ്കിൻ വിതരണം ചെയ്തിട്ടുണ്ട്. വിതരണ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| വിതരണം ചെയ്ത സ്കൂളിന്റെ പേര് | വിതരണം ചെയ്ത പായ്ക്കറ്റിന്റെ എണ്ണം |
|---|---|
| ഹയർ സെക്കന്ററി സ്കൂൾ തിടനാട് | 300 പായ്ക്കറ്റ് |
| ഹൈസ്കൂൾ തിടനാട് | 420 പായ്ക്കറ്റ് |
| ലിറ്റിൽ ഫ്ലവർ ഹൈസ്കൂൾ ചെമ്മലമറ്റം | 1280 പായ്ക്കറ്റ് |
| ആകെ വിതരണം ചെയ്ത പായ്ക്കറ്റ് | 2000 പായ്ക്കറ്റ് |

വിതരണം ചെയ്ത സാനിട്ടറി നാപ്കിന്റെ വിലയായി ( ബിൽ നമ്പർ F.W- 039/ 19.03.19) പായ്ക്കറ്റ് ഒന്നിന് 48 രൂപ നിരക്കിൽ 2000/ പായ്ക്കറ്റിന് 96000/രൂപ 21.03. 19 ലെ ബിൽ നമ്പർ 14/18-19 പ്രകാരം സ്ഥാപനത്തിന്റെ 008005300015264 നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ എച്ച്.എൽ.എൽ.ലൈഫ് കെയർ ലിമിറ്റഡിന്റെ സാനിട്ടറി നാപ്കിൻ പാഡിന്റെ ബ്രാന്റ് നെയിം ആയ ഹാപ്പി ഡെയ്സ് പായ്ക്കറ്റ് ഒന്നിന് 10/- രൂപ വിലയും ഓരോ പായ്ക്കറ്റിലും മൂന്ന് പാഡുകൾ ഉൾപ്പെടുന്നു എന്നും കമ്പനി വ്യക്തമാക്കിയിട്ടുണ്ട്. 19.03.19 ലെ F.W- 039 നമ്പർ ബില്ലിൽ ഒരു പായ്ക്കറ്റിൽ ഉൾപ്പെടുന്ന നാപ്കിനുകളുടെ എണ്ണം വ്യക്തമാക്കിയിട്ടില്ല. മൂന്ന് പാഡുകൾ ഉൾപ്പെടുന്ന 10/- രൂപ വിലയുള്ള പായ്ക്കറ്റുകൾ 4 എണ്ണം വീതം ഒരു പായ്ക്കറ്റിലാക്കി അത്തരം 2000 പായ്ക്കറ്റുകളാണ് വിതരണം ചെയ്തത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്. ഇപ്രകാരമാണ് വിതരണം ചെയ്തിട്ടുള്ളത് എങ്കിലും ഒരു പായ്ക്കറ്റിൽ പത്ത് രൂപ വിലയുള്ള നാല് പായ്ക്കറ്റുകൾക്ക് 40/- രൂപ നൽകിയാൽ മതിയാകുമായിരുന്നു. എന്നാൽ 48 രൂപ വീതം നൽകിയിട്ടുണ്ട്. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/18-19 ന് ലഭ്യമാക്കിയ

മറുപടി തൃപ്തികരമല്ല. അധികമായി നൽകിയ 16000/- (2000X8) രൂപ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-7 ലൈബ്രറി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടാണ് യുവജനങ്ങൾക്ക് കരിയർ ഗൈഡൻസ്- ലൈബ്രറി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ (നമ്പർ 144/19). പ്രോജക്ട് പ്രകാരം ആകെ നടപ്പാക്കിയിട്ടുള്ളത് എസ്.സി.പി. ഫണ്ടിൽ നിന്നും 30000/- രൂപ ( ബിൽ നമ്പർ 2/18-19/ 30.11.18) ചെലവഴിച്ച് നെറ്റ് ബിയോസ് ടെക്നോളജീസ്, കാഞ്ഞിരപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്നും ഒരു ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങുകയാണ്. ഇപ്രകാരം വാങ്ങിയ കമ്പ്യൂട്ടർ നാളിതുവരെ ഉപയോഗിക്കാതെ പായ്ക്കറ്റിനുള്ളിൽ വച്ചിരിക്കുകയാണ്. കമ്പ്യൂട്ടർ ഇൻസ്റ്റാൾ ചെയ്യുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒന്നും ഒരുക്കാതെയാണ് വാങ്ങൽ നടത്തിയത്. മാത്രമല്ല എസ്.സി.പി.ഫണ്ട് ഉപയോഗിച്ച് വാങ്ങിയ കമ്പ്യൂട്ടർ പഞ്ചായത്ത് ലൈബ്രറിയിൽ വച്ചാൽ ആയത് എസ്.സി.വിഭാഗത്തിന് മാത്രമായി പ്രയോജനപ്പെടുന്നത് എങ്ങനെയെന്ന് വ്യക്തമാക്കിയില്ല. കമ്പ്യൂട്ടറിന്റെ വാറണ്ടി പീരിയഡ് കഴിഞ്ഞതിന് ശേഷമാണ് ഇൻസ്റ്റാൾ ചെയ്യുന്നത് എങ്കിൽ എന്തെങ്കിലും കേടുപാടുകൾ ഉള്ളപക്ഷം നന്നാക്കിക്കിട്ടുന്നതിനുള്ള അവസരം നഷ്ടപ്പെടും. മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ ചെലവഴിച്ച 30,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-8 വൃദ്ധർക്ക് കട്ടിൽ വാങ്ങൽ - പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പിലാക്കിയ വൃദ്ധർക്ക് കട്ടിൽ വാങ്ങൽ എന്ന പ്രോജക്ടിനായി (പ്രോജക്ട് നം.17/19) ക്വട്ടേഷൻ ക്ഷണിച്ചതിൽ നാല് ക്വട്ടേഷനുകൾ ലഭിച്ചിരുന്നു. ലഭ്യമായ ക്വട്ടേഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്വട്ടേഷൻ സമർപ്പിച്ച വ്യക്തികൾ | ക്വോട്ട് ചെയ്തതിന്റെ വിശദാംശങ്ങൾ | റിമാർക്സ് |
|---|---|---|
| പി.റ്റി.മാത്യു, പുൽത്തകിടിയേൽ, കാളകെട്ടി | 114 കട്ടിലുകൾക്ക് 477660/ രൂപ | മരത്തിന്റെ ഇനമോ, ഇനം തിരിച്ചുള്ള വിലയോ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ രണ്ടാമത്തെ കുറവ് തുക രേഖപ്പെടുത്തിയ ക്വട്ടേഷൻ നിരസിച്ചു. |
| ഷുഹൈബ്,സി.പി. ചായിപ്പറമ്പിൽ, ഈരാറ്റുപേട്ട | ആഞ്ഞിലിതടി - നോർമൽ കോട്ട്- 3390/- രൂപ രണ്ടുവർഷ വാറണ്ടി- ആഞ്ഞിലിതടി- സൂപ്പർ മോഡൽ കോട്ട്- 4050/- രൂപ അഞ്ചു വർഷ വാറണ്ടി- മഹാഗണിതടി -നോർമൽ കോട്ട്- 3299/- രൂപ -രണ്ടുവർഷ വാറണ്ടി മഹാഗണിതടി -സൂപ്പർ മോഡൽ കോട്ട്-3999/ രൂപ അഞ്ചു വർഷ വാറണ്ടി- | ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ളയാൾ. വാറണ്ടി നൽകും എന്ന് പറഞ്ഞിട്ടുള്ള ഏക ക്വട്ടേഷൻ. പ്രാഥമിക കരാറിൽ ഒപ്പിട്ടിട്ടില്ല എന്ന കാരണത്താൽ നിരസിച്ചു. |
| മനോജ്.റ്റി.ജി. തുണ്ടിയിൽ, തിടനാട് | മഹാഗണിതടി -4200/- രൂപ | കുറഞ്ഞ നിരക്കുകൾ ക്വോട്ട് ചെയ്ത ക്വട്ടേഷനുകൾ സാങ്കേതിക കാരണങ്ങളാൽ നിരസിച്ചപ്പോൾ അവശേഷിച്ച ക്വട്ടേഷനിൽ കുറഞ്ഞ തുക ക്വോട്ട് ചെയ്തതിനാൽ അംഗീകരിച്ചു. |

| | | |
|---|---|---|
| | ആഞ്ഞിലിതടി-4050/ -രൂപ | |
| ബിനുസി.ജോസ്, ചന്ദ്രൻകുന്നേൽ, പ്രവിത്താനം | മഹാഗണിതടി -4300/- രൂപ | ഉയർന്നനിരക്ക് ക്വോട്ട് ചെയ്തതിനാൽ നിരസിച്ചു |

ഇതിൽ സ്വീകാര്യമായതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത മനോജ് ടി.ജി. തുണ്ടിയിൽ എന്നയാളുടെ ക്വട്ടേഷൻ ഗ്രാമപഞ്ചായത്ത് കമ്മറ്റി 13.11.18 ലെ 3(4) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിരുന്നു. ഇത് പ്രകാരം 114 കട്ടിലുകൾ വിതരണം ചെയ്ത വകയിൽ കട്ടിൽ ഒന്നിന് 4200/- രൂപ വീതം 478800/- രൂപ 19.03.19 ലെ ബിൽ നമ്പർ 11/18-19 പ്രകാരം ടിയാളുടെ 19033200011385 നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. 02.11.2018 ൽ സ്ഥാപനം ലഭ്യമാക്കിയ ക്വട്ടേഷനിൽ നിശ്ചിത സ്പെസിഫിക്കേഷനിലുള്ള മഹാഗണി തടിയിൽ നിർമ്മിച്ച കട്ടിലിന് 4200/- രൂപയും ഇതേ സ്പെസിഫിക്കേഷനിലുള്ള ആഞ്ഞിലിതടിയിൽ നിർമ്മിച്ച കട്ടിലിന് 4050/- രൂപയുമാണ് ക്വോട്ട് ചെയ്തിട്ടുള്ളത്. തടിയുടെ ഗുണമേന്മയിലും, വിലയിലും ഉയർന്ന നിലവാരമുള്ള ആഞ്ഞിലി തടിയിൽ നിർമ്മിച്ച കട്ടിലിന് മഹാഗണി തടിയിൽ നിർമ്മിച്ച കട്ടിലിനേക്കാൾ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിട്ടും ആയത് പരിഗണിച്ചില്ല. പ്രാഥമിക കരാറിൽ ഒപ്പിട്ടില്ല എന്ന കാരണത്താൽ നിരസിച്ച ശ്രീ.ഷുഹൈബ് സി.പി.,ചായിപ്പറമ്പിൽ എന്നയാൾ മഹാഗണി തടിയിലുള്ളതും അംഗീകരിച്ച ക്വട്ടേഷനിലെ അതേ സ്പെസിഫിക്കേഷനോടുകൂടിയ കട്ടിലിന് ക്വോട്ട് ചെയ്തത് 3299/- രൂപ മാത്രമാണ്. മാത്രമല്ല രണ്ട് വർഷത്തെ വാറണ്ടിയും ഉറപ്പ് നൽകിയിരുന്നു. ഒരു കട്ടിലിന് 901/- രൂപ വച്ച് 114 കട്ടിലിന് 102714/- രൂപ കുറവായിരുന്നു എന്ന് മാത്രമല്ല രണ്ട് വർഷത്തെ വാറണ്ടിയും ലഭിക്കുമായിരുന്നു. 2018-19 സാമ്പത്തികവർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 12/19 എസ്.റ്റി. വൃദ്ധർക്ക് കട്ടിൽ വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം കട്ടിൽ വിതരണം നടത്തിയിട്ടുള്ളത് ശ്രീ.ഷുഹൈബ് സി.പി. ചായിപ്പറമ്പിൽ എന്നയാളാണ്. പി.റ്റി.മാത്യു, പുൽത്തകിടിയേൽ, കാളകെട്ടി എന്നയാൾ 114 കട്ടിലുകൾക്ക് 477660/- രൂപ മരത്തിന്റെ ഇനമോ, ഇനം തിരിച്ചുള്ള വിലയോ രേഖപ്പെടുത്താതെയാണ് ക്വോട്ട് ചെയ്തത് എന്ന കാരണത്താലാണ് നിരസിച്ചത്. ടിയാളോട് മരത്തിന്റെ ഇനമോ, ഇനം തിരിച്ചുള്ള വിലയോ വ്യക്തമാക്കാൻ ആവശ്യപ്പെടാമായിരുന്നു എങ്കിലും ആ സാദ്ധ്യതയും പരിഗണിച്ചതായി കാണുന്നില്ല. ലഭിച്ച നാല് ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത രണ്ട് ക്വട്ടേഷനുകളും സാങ്കേതിക കാരണങ്ങളാൽ നിരസിക്കേണ്ടി വന്നപ്പോഴും, ഏറ്റവും കുറഞ്ഞ നിരക്കും, അംഗീകരിച്ച നിരക്കും തമ്മിൽ പ്രോജക്ട് ചെലവിൽ 102714/- രൂപയുടെ വ്യത്യാസം ഉണ്ടായിരുന്ന സാഹചര്യത്തിലും റീ ടെൻഡർ നടത്തേണ്ടിയിരുന്നു എങ്കിലും ആയതും പരിഗണിച്ചില്ല. മനോജ് റ്റി.ജി.യുടെ ക്വട്ടേഷൻ അംഗീകരിക്കുന്ന വേളയിൽ സാങ്കേതിക കാരണത്താൽ നിരസിച്ച ക്വട്ടേഷനിൽ പറഞ്ഞിട്ടുള്ളതിൻ പ്രകാരം വാറണ്ടി നൽകുന്നതിന് സാധിക്കുമോ എന്ന് ആരായാമായിരുന്നു എങ്കിലും ആയതും പരിഗണിച്ചില്ല. 2018-19 സാമ്പത്തികവർഷം അസിസ്റ്റന്റ് സെക്രട്ടറി പ്രോജക്ട് നമ്പർ 12/19 എസ്.റ്റി. വൃദ്ധർക്ക് കട്ടിൽ വാങ്ങൽ, പ്രോജക്ട് നമ്പർ 09/19 എസ്.സി വൃദ്ധർക്ക് കട്ടിൽ വാങ്ങൽ, എന്നിങ്ങനെ രണ്ട് പ്രോജക്ടുകളും, പ്രോജക്ട് നമ്പർ 64/19 എന്ന പ്രോജക്ടും ഉൾപ്പെടെ മൂന്ന് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. മൂന്ന് പ്രോജക്ടുകൾക്കും വെവ്വേറെ ക്വട്ടേഷൻ ക്ഷണിക്കുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. മൂന്ന് പ്രോജക്ടുകൾക്കും കൂടി പഞ്ചായത്തടിസ്ഥാനത്തിൽ ഒരുമിച്ച് ക്വട്ടേഷൻ ക്ഷണിച്ചിരുന്നു എങ്കിൽ മൽസരാധിഷ്ഠിത ക്വട്ടേഷനുകൾ ലഭിക്കുമായിരുന്നു. ഗ്രാമപഞ്ചായത്തിലെ പർച്ചേസ് കമ്മറ്റി ഫലപ്രദമായി പ്രവർത്തിക്കുന്നതായി കാണുന്നില്ല. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.13 ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. പ്രസ്തുത വാങ്ങലിൽ പഞ്ചായത്തിന്റെ/സർക്കാരിന്റെ ഉത്തമ താത്പര്യം സംരക്ഷിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയോ, പഞ്ചായത്ത് ഭരണസമിതിയോ ശ്രദ്ധിച്ചിട്ടില്ല. പ്രസ്തുത ഇടപാടിൽ സംഭവിച്ചിട്ടുള്ള ജാഗ്രതക്കുറവും ഔചിത്യമില്ലായ്മയും മൂലം ഫണ്ട് ഉചിതമല്ലാത്തവിധം വിനിയോഗിക്കപ്പെട്ടതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യത്തിൽ കൂടുതൽ അന്വേഷണം നടത്തി ആവശ്യമായ മേൽനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 മരുന്ന് ലഭ്യമായിട്ടില്ല- 251916/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം ലഭിക്കേണ്ടിയിരുന്ന മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിവരം | ചെലവ് തുക | ഫണ്ടിനം | തുക ഒടുക്കിയ | ലഭിച്ച | ലഭിക്കാനുള്ള |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | ഏജൻസി | മരുന്നിന്റെ വില | മരുന്നിന്റെ വില |
| 49/19 പി.എച്ച്.സിക്ക് മരുന്നുവാങ്ങൽ | 150000/Billno-9/18-19/17.12.18 | റോഡിതരം | കാരുണ്യാ ഫാർമസി, തിരുവനന്തപുരം | 48084 രൂപ | 101916 രൂപ |
| 50/19 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 150000/Billno-10/18-19/ 24.12.18 | റോഡിതരം | ഹോംകോ ആലപ്പുഴ | - | 150000/രൂപ |

തുക ഒടുക്കിയിട്ടും മരുന്ന് ലഭിക്കാത്ത സാഹചര്യത്തിൽ 2,51,916/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 ആയൂർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ മരുന്ന് പൂർണ്ണമായി ലഭ്യമായില്ല

പ്രോജക്ട് നമ്പർ 36/19 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിനായി മെയിന്റനൻസ് ഫണ്ട് റോഡിതരത്തിൽ നിന്നും ആകെ 4,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ബിൽ നം.1/18-19/24.10.18 പ്രകാരം പിൻവലിച്ച് ഔഷധിക്ക് നൽകിയ 1,00,000/- രൂപയിൽ 84,814/ രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ 15,186/ രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു

വിവിധ പ്രോജക്ടുകൾക്കായി കെ.എസ്.ഇ.ബിയിൽ തുക ഒടുക്കിയിട്ടുണ്ട് എങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ പേര് | ചെലവ് തുക | ഫണ്ടിനം | ബിൽ നം തീയതി | റിമാർക്ക്സ് |
|---|---|---|---|---|
| 11/18-19, എസ്.സി. സങ്കേതങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 27376 | എസ്.സി.പി | 8/18-19/ 6.3.19 | തുക ഒടുക്കി എങ്കിലും സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല |
| 139/19 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 337978 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 7/18-19/ 29.9.18 | തുക ഒടുക്കി എങ്കിലും സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല |
| 6/19- വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 2251021 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 19/18-19/ 24.11.18-726343 20/18-19/ 24.12.18- 1389450 40/18-19/ 13.3.19- 135228 | തുക ഒടുക്കി എങ്കിലും സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല |

വിനിയോഗ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ 26,16,375/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 ലൈഫ് ഭവന പദ്ധതി അവലോകനം

2018-19 സാമ്പത്തിക വർഷം ലൈഫ് ഭവന പദ്ധതി ആരംഭിച്ചു. പദ്ധതിയിൽ ജനറൽ വിഭാഗത്തിൽ 121 ഗുണഭോക്താക്കളും, എസ്.റ്റി.വിഭാഗത്തിൽ ഒരു ഗുണഭോക്താവും, എസ്.സി. വിഭാഗത്തിൽ രണ്ട് ഗുണഭോക്താക്കളും

ഉൾപ്പടെ ആകെ 124 ഗുണഭോക്താക്കളും കരാറിൽ ഏർപ്പെട്ട് ഭവനനിർമ്മാണം ആരംഭിച്ചിരുന്നു. പ്രോജക്റ്റ് വിശകലനം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിവരം | വികസന ഫണ്ട് | ടിഎസ്.പി | എസ്.സി.പി | ബ്ലോക്ക് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ലോൺ വിഹിതം | ആകെ |
|---|---|---|---|---|---|---|---|
| എസ്.സി.പി | | | 650371 | 44213 | 100158 | 5258 | 800000 |
| ടിഎസ്.പി | | 60800 | | 40806 | | 220000 | 321606 |
| ജനറൽ | 2784200 | | | 1916222 | 2659578 | 24500000 | 31860000 |
| ആകെ | 2784200 | 60800 | 650371 | 2001241 | 2759736 | 24725278 | 32981606 |

എസ്.സി. വിഭാഗത്തിൽ കരാറിൽ ഏർപ്പെട്ടിരുന്ന രണ്ട് ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എസ്.റ്റി. വിഭാഗത്തിൽ കരാറിൽ ഏർപ്പെട്ട ഏക ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. ജനറൽ വിഭാഗത്തിൽ കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ വിവരം ചുവടെ ചേർക്കുന്നു.

| ആകെ ഗുണഭോക്താക്കൾ | പൂർത്തീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം | പണി പൂർത്തീകരിച്ചു എങ്കിലും ഫണ്ട് ലഭിക്കാത്തതിനാൽ തുക നൽകിയിട്ടില്ലാത്തവർ | റൂഫ് ലെവൽ പൂർത്തീകരിച്ചവർ | ലിന്റൽ ലെവൽ പൂർത്തീകരിച്ചവർ | ബേസ്മെന്റ് മാത്രം പൂർത്തീകരിച്ചവർ |
|---|---|---|---|---|---|
| 121 | 5 | 38 | 65 | 11 | 2 |

ഹഡ്കോ വായ്പ ഇനത്തിൽ ലഭിച്ച 24799451/- രൂപയിൽ 24725258/- രൂപയും ചെലവഴിച്ചിട്ടുണ്ട്. 74193/- രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നു. ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്റ്റ് നം/ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് ഈരാറ്റുപേട്ട | 14.08.2018 | 150000 | 35/19, മിൽക്ക് സബ്സിഡി | 150000 | 0 |
| ,, | 27.09.2018 | 175000 | 16/2019, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 175000 | 0 |
| ,, | 15.09.2018 | 193469 | 48/19, പാലിയേറ്റീവ് കെയർ കൂലിയും അനുബന്ധ ചെലവുകളും | 175079 | 18390 |
| ,, | 13.08.2018, 25.09.2018 | 1916222 | 146/19, ലൈഫ് ഭവനനിർമ്മാണം ജനറൽ | 1916222 | 0 |

| | | | | | |
|---|---|---|---|---|---|
| ,, | 13.08.2018,<br>27.09.2018 | 44213 | 147/19,<br>ലൈഫ് ഭവനനിർമ്മാണം SCP | 44213 | 0 |
| ,, | 25.09.2018 | 40806 | 148/19,<br>ലൈഫ് ഭവനനിർമ്മാണം TSP | 40806 | 0 |
| ജില്ലാ പഞ്ചായത്ത് | 22.09.2018 | 2671352 | 146/19,<br>ലൈഫ് ഭവനനിർമ്മാണം ജനറൽ | 2659578 | 11774 |
| ,, | 22.09.2018 | 100158 | 147/19,<br>ലൈഫ് ഭവനനിർമ്മാണം SCP | 100158 | 0 |
| ,, | 22.09.2018 | 39937 | 148/19,<br>ലൈഫ് ഭവനനിർമ്മാണം TSP | 0 | 39937 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവ്യത്തിയുടെ പേര് | ചെക്ക്/ വൗച്ചർ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | തെരുവ് വിളക്ക് സ്ഥാപിക്കൽ | | 2251021 | 0 | 2251021 |
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് സ്ഥാപിക്കൽ | | 337978 | 0 | 337978 |
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് സ്ഥാപിക്കൽ എസ്.സി.സങ്കേതം | | 27376 | 0 | 27376 |
| ഭൂജലവകുപ്പ് | 12-ാം വാർഡിൽ ഗ്രീൻസിറ്റി ഭാഗത്തുള്ള കുഴൽകിണറിന് ഹാന്റ് പമ്പ് സ്ഥാപിക്കൽ | | 46657 | 0 | 46657 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പണികൾക്ക് ഗുണഭോക്തൃസമിതി കണവീനർമാർക്ക് മൊബിലൈസോഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

2018-19 വർഷം വായ്പയിനത്തിൽ 24799451/-രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വന്നിട്ടുണ്ട്. വായ്പ എടുത്തതിന്റെയും തിരിച്ചടവിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ | വായ്പ നൽകിയ സ്ഥാപനം | വായ്പയിനത്തിൽ തൻവർഷം ലഭിച്ച തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ളത് | തൻവർഷം തിരിച്ചടച്ച തുക (മുതൽ) | ബാലൻസ് |
|---|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി | ജിഒ(എംഎസ്)68/2018/ തസ്വഭവ തീയതി 18.05.2018 | കെയുആർഡിഎഫ്സി | 24799451 | 24799451/- | 0 | 24799451/- |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 16495 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തീയതി |
|---|---|---|---|---|
| 2016-17 | 2.6 | 2835 | പി.എസ് സെബാസ്റ്റ്യൻ, പാംപ്ലാനിയിൽ | 118010100084/ 11.04.2018 |
| ,, | 2.6 | 100 | ലിസ് ജിന്റോ, പൊരിയത്ത് | 118010100085/ 11.04.2018 |
| ,, | 2.6 | 100 | ഫിലോമിന കുരുവിള, കോക്കാട്ട് | 118010100086/ 11.04.2018 |
| ,, | 2.5 | 2500 | മാനേജർ, സപ്ലൈകോ, തിടനാട് | 118010100796/ 19.06.2018 |
| ,, | 2.5 | 10000 | മാനേജർ, ആലപ്പി ലാറ്റക്സ് | 118010101612/ 30.08.2018 |
| ,, | 2.5 | 960 | സുമേഷ് മാത്യു, ളുംകുഴിയിൽ | 118010101637/ 03.09.2018 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ | തുക (രൂപ) |
|---|---|---|---|---|---|---|
| 2000-01, 2001-02 (ജനകീയാസൂത്രണം) | 2(1) | 2003-04 | 3-5-2 | ജലസേചന പദ്ധതികൾ- മുൻഗണനാക്രമം തെറ്റിച്ച മെറ്റീരിയൽ വാങ്ങിയ ഇനത്തിൽ ഭീമമായ നഷ്ടം | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ | 8344 |
| 1999-00 | 10(b) | 2003-04 | പേജ് 63 | നിർവ്വഹണം നടത്താതെ മരാമത്ത് പണിക്ക് 50,000 രൂപ മുൻകൂർ നൽകി | | 50000 |

# 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ ) | 96663070 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 80632916 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3666082 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 33018 | ശ്രീ.മുഹമ്മദ് റഖീബ് ടി.എസ്., സെക്രട്ടറി |

| | | |
|---|---|---|
| 3-2 | 718957 | ശ്രീ.മുഹമ്മദ് റഫീബ് ടി.എസ്., സെക്രട്ടറി |
| 3-7 | 30000 | ശ്രീ.നോബി എം.ഐസക്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-9 | 251916 | ഡോ.ജിസ് ഫ്രാൻസീസ്, മെഡിക്കൽ ഓഫീസർ-പി.എച്ച്.സി. |
| 3-10 | 15816 | ഡോ.ഹരികമാർ ജി., മെഡിക്കൽ ഓഫീസർ-ആയുർവേദം |
| 3-11 | 27376 | ശ്രീ.നോബി എം.ഐസക്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-11 | 2588999 | ശ്രീ.മുഹമ്മദ് റഫീബ് ടി.എസ്., സെക്രട്ടറി |
| ആകെ | 3666082 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

റിപ്പോർട്ടിൽ വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 98-99 ചെലവ് | കെഎസ്എ.കെടിഎം.പി.14-അദാ./18/207(1)/02.02.18 | |
| 99-2000 ചെലവ് | കെഎസ്എ.കെടിഎം.പി.14-അദാ./18/207(2)/02.02.18 | |
| 2000-01, 2001-02 | എൽ.എഫ്.കെ.പി.7/17/04/3.2.03 | |
| 2002-03 ചെലവ് | എൽഎഫ്.പി.7/184/05/7.5.07 | |
| 2003-04 ചെലവ് | എൽ.എഫ്.കെ.പി.1/960/അദാ (സി4)/2011 (5)/25.8.11 | |
| 96-97വരവ് | എൽ.എഫ്.കെ.പി.3/913/ 07/21.11.08 | |
| 1997-98 വരവ് | എൽ.എഫ്.കെ.പി.3/914/07/20.4.09/ 12.6.09 | |
| 2000-01 ചെലവ് | എൽ.എഫ്.കെ.പി.3/919/07/20.4.09 | |
| 2001-02 | എൽ.എഫ്.കെ.പി.3/918/07/20.4.09 | |
| 2002-03 വരവ് | എൽ.എഫ്.കെ.പി.3/920/07/20.4.09 | |
| 2003-04 വരവ് | എൽ.എഫ്.കെ.പി.1/960/അദാ (സി)/2011 (6)/ 25.8.11 | 2 |
| 2004-05 | എൽ.എഫ്.കെ.പി.1/960/അദാ (സി3)/2011 (7)/ 25.8.11 | 03 |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.കെ.പി.1/960/അദാ (സി4)/2011 (8)/25.8.11 | 05 |
| 2006-07 | എൽ.എഫ്.കെ.പി.1/960/അദാ (സി4)/2011 (9)/25.8.11 | 03 |
| 2007-08 | എൽ.എഫ്.കെ.പി.2/344/12/8.5.12 | |
| 2008-09 | എൽ എഫ്.കെ.പി.2/444/11/30.4.13 | 11 |
| 2009-10 | എൽ.എഫ്.കെ.പി.2/445/11/8.2.13 | |
| 2010-11, 11-12 | എൽ.എഫ്.കെ.പി.2/817/13/3.12.13 | |
| 2012-13 | എൽ.എഫ്.കെ.പി.2/1469/14/ 4.3.15 | 14 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി.2/1669/ 15/15.4.16 | 16 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.2/1049/ 16/03.04.17 | 08 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.2/1047/17/24.02.18 | |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.14-988/17/23.02.18 | 19 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.14/2067/18/27.04.19 | 17 |

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

# അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

**നം.കെഎസ്എ-കെടിഎം.പി.14/1012/2019**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 14.08.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോട്ടയം** ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം